(എ) ആലപ്പുഴയിൽ നിന്നും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കുള്ള ബസ്സ് യാത്രാ ദുരിതം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആലപ്പുഴയിൽനിന്നും തിരുവനന്തപുരത്തേക്കും ആലപ്പുഴയിൽ നിന്നും മൂന്നാർ, ഇടുക്കി തുടങ്ങിയ ഹൈറേഞ്ച് പ്രദേശങ്ങളിലേയ്ക്കും ആലപ്പുഴ-കാസർഗോഡ് റൂട്ടിലും പുതിയതായി കെ.എസ്.ആർ.ടി.സി.യുടെ ബസ്സ് സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽവരുമ്പോൾ ആലപ്പുഴയിൽ 93 ഷെഡ്യൂളുകളാണുണ്ടായിരുന്നത്. ഇപ്പോൾ അവിടെ 99 ഷെഡ്യൂളുകൾ ഉണ്ട്. മറ്റു ഡിപ്പോകളിൽ നിന്ന് ആലപ്പുഴ വഴി നടത്തുന്ന സർവ്വീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. ബസ്സുകളുടെയും ജീവനക്കാരുടെയും കുറവ് നിമിത്തം കൂടുതൽ സർവ്വീസുകൾ പുതിയതായി ആരംഭിക്കാൻ നിർവ്വാഹമില്ല.

(സി) ബസ്സുകളുടെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം തല്ക്കാലം കഴിയുന്നില്ല.

67 (3392) കോട്ടയത്തുനിന്നും കൊല്ലത്തേക്ക് രാത്രി സർവ്വീസ്

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം, തിരുവല്ല, മാവേലിക്കര, കായംകുളംവഴി കൊല്ലത്തേക്ക് രാത്രിയിൽ ഒരു കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കുമോ;

(ബി) ഇതു സംബന്ധിച്ച് എതെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) മാവേലിക്കര ഡിപ്പോയിൽനിന്ന് പ്രസ്തുത റൂട്ടിൽ ഒരു സർവ്വീസ് ഇപ്പോൾ ഓപ്പറേറ്റ് ചെയ്യപ്പെടുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്പോൾത്തന്നെ സർവ്വീസ് നടത്തുന്നുണ്ട്, ബസ്സിന്റെയും ജീവനക്കാരുടെയും കുറവുമൂലം കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ തൽക്കാലം കഴിയുന്നില്ല.

68 (3393) കണ്ണൂർ ജില്ലയിൽ കെ.എസ്.ആർ.ടി.സി.യുടെ പുതിയ റൂട്ടുകൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ കെ.എസ്.ആർ.ടി.സി. എത്ര റൂട്ടുകളിൽ പുതുതായി സർവ്വീസ് തുടങ്ങി എന്ന് വിശദമാക്കുമോ;

(ബി) പുതുതായി തുടങ്ങിയ ഏതെങ്കിലും റൂട്ടുകൾ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്ത്;

(സി) ജില്ലയിൽ പുതുതായി റൂട്ടുകൾ തുടങ്ങുന്നതിനുവേണ്ടി എം.എൽ.എ-മാർ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം റൂട്ടുകൾക്കാണെന്ന് വിശദീകരിക്കുമോ;

(ഇ) ഇതിൻമേൽ കെ.എസ്.ആർ.ടി.സി. എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്)പുതിയ സർവ്വീസുകൾ തുടങ്ങുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഇ) അന്വേഷിച്ച് അറിയിക്കുന്നതാണ്.

(എഫ്)ബസ്സുകളുടെയും ജീവനക്കാരുടെയും അപര്യാപ്തത കാരണമാണ് തുടങ്ങാൻ കാലതാമസം വരുന്നത്.

69 (3394) അടൂർ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും തിരുവനന്തപുരത്തേക്ക് പ്രത്യേക ബസ്സ് സർവ്വീസ്

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ അടൂർ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന തെക്കൻ ജില്ലകളിൽ നിന്നുള്ള വിദ്യാർത്ഥികൾ യാത്ര ചെയ്യുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവധി ദിവസങ്ങളോടനുബന്ധിച്ച് വരുന്ന ദിവസങ്ങളിൽ ക്ലാസ് കഴിയുന്ന സമയം പരിഗണിച്ച് അടൂർ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും തിരുവനന്തപുരത്തേക്ക് കെ.എസ്.ആർ.ടി.സി.യുടെ പ്രത്യേക ബസ്സ് സർവ്വീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടൂരിൽനിന്നും തിരുവനന്തപുരത്തേക്ക് നിരവധി സർവ്വീസുകൾ നിലവിലുണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം പ്രത്യേക സർവ്വീസ് പരിഗണിക്കുവാൻ തൽക്കാലം നിർവ്വാഹമില്ല.

70 (3395) ചെറിയകൊണ്ണിയിലെ യാത്രാക്ലേശം

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly